ഉത്തരം

(എ) ഉണ്ട്. നാല് (4) ലോ-ഫ്ളോർ എ. സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിത നഷ്ടം

212 (4001) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം ഇപ്പോൾ എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ ; പ്രതിമാസ ലാഭ-നഷ്ട കണക്ക് എത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി.യുടെ കടബാധ്യത എഴുതിത്തള്ളുന്നതിനു വേണ്ടി എത്ര രൂപ ലഭ്യമാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം ഇനത്തിലുള്ള കടബാധ്യതകൾ എഴുതിത്തള്ളിയിട്ടുണ്ട് ?

ഉത്തരം

(എ) 2007-08 വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. 2009-10-ലെ താൽക്കാലിക കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി.യുടെ സഞ്ചിത നഷ്ടം 1700.80 കോടി രൂപയാണ്. 2010 മേയ് മാസത്തിലെ വരവ് -ചെലവ് കണക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവർത്തന വരുമാനം	111.89 കോടി രൂപ
പ്രവർത്തനേതര വരുമാനം	1.76 കോടി രൂപ
ആകെ	113.65 കോടി രൂപ
പ്രവർത്തന ചെലവ്	96.21 കോടി രൂപ
പ്രവർത്തനേതര ചെലവ് (പെൻഷൻ, പലിശ മുതലായവ)	32.87 കോടി രൂപ
ആകെ	129.08 കോടി രൂപ
നഷ്ടം	15.43 കോടി രൂപ

(ബി) 14-12-2009 തീയതിയിലെ G.O (MS) No. 71/09/Trán. നമ്പർ ഉത്തരവ് പ്രകാരം 31-3-2008 കാലയളവുവരെ ഗടഞഠഇ, സർക്കാരിന് നൽകാനുണ്ടായിരുന്ന ലോണിന്റെ മുതൽ ഇനത്തിലെ 250.38 കോടി രൂപ ഇകിറ്റി ആയി മാറ്റുകയും ടി ലോണിന്റെ പലിശ, പിഴപ്പലിശ, മോട്ടോർ വാഹന നികുതി ഇനത്തിലും നൽകുവാനുണ്ടായിരുന്ന 820.22 കോടി രൂപ എഴുതി തള്ളുകയും ചെയ്തു. ഈ ഉത്തരവിലൂടെ മൊത്തം 1,070.60 കോടി രൂപയുടെ ബാദ്ധ്യതയിൽ നിന്ന് KSRTC ഒഴിവായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 14-12-2009 തീയതിയിലെ G.O (MS) No.71/09/Tran. നമ്പർ ഉത്തരവ് പ്രകാരം 31-3-2008 വരെ KSRTC, സർക്കാരിന് നൽകാനുണ്ടായിരുന്ന വിവിധ ഇനത്തിലെ ബാദ്ധ്യതകളിൽ നിന്ന് ഗടഞഠഇയെ സർക്കാർ ഒഴിവാക്കി. അവയുടെ വിശദവിവരങ്ങൾ.

1. സർക്കാർ ലോണിന്റെ മുതൽ ഇനത്തിൽ 250.38 കോടി രൂപ ഇക്വിറ്റിയായി മാറ്റി.

2. ടി ലോണിന്റെ പലിശയിനത്തിൽ 130.41 കോടി രൂപ എഴുതിത്തള്ളി.

3. ടി സർക്കാർ ലോണിന്റെ പിഴപ്പലിശയിനത്തിൽ 66.98 കോടി രൂപ എഴുതിത്തള്ളി.

4. 31-3-2008 കാലയളവുവരെ മോട്ടോർ വാഹന നികുതി വകുപ്പിന്റെ കണക്കനുസരിച്ച് വാഹന നികുതിയിനത്തിൽ KSRTC സർക്കാരിന് ഒടുക്കാനുണ്ടായിരുന്ന 622.83 കോടി രൂപയും എഴുതിത്തള്ളിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിതനഷ്ടം

213 (4002) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം കെ.എസ്.ആർ. ടി.സി. സർക്കാരിലേക്ക് എത്ര കോടി രൂപ അടക്കാനുണ്ടായിരുന്നു ;

(ബി) പ്രസ്തുത തുക, സർക്കാർ എഴുതിത്തള്ളിയോ ; വിശദമാക്കുമോ ;

(സി) ഇതിൽ എത്ര തുക സർക്കാർ കെ.എസ്.ആർ.ടി. യിൽ ഓഹരിയാക്കി നിലനിർത്തി ;

(ഡി) ആയതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം എത്ര കോടിയിൽ നിന്നും എത്ര കോടിയായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും നിലവിലെ ബാധ്യത എത്ര കോടി രൂപയിൽ നിന്നും എത്ര കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം (2005-06 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം) കെ. എസ്. ആർ. ടി. സി. സർക്കാരിലേയ്ക്ക് 593.94 കോടി രൂപ അടയ്ക്കാനുണ്ടായിരുന്നു.

(ബി) പ്രസ്തുത തുക ഉൾപ്പെടെ 31-3-2008 വരെ സർക്കാരിന് നൽകാനുള്ള 1070.61 കോടി രൂപയിൽ ലോൺ തുകയായ 250.38 കോടി രൂപ ഓഹരിയാക്കി മാറ്റുകയും, വാഹന നികുതി, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ നൽകാനുണ്ടായിരുന്ന 820.23 കോടി രൂപ എഴുതിത്തള്ളുകയും ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly